കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാരശ്ശേരി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.3/2179/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം സിവിൽ സ്റ്റേഷൻ,
കോഴിക്കോട് ഇ-മെയിൽ- dokkd.ksad@gov.in
ഫോൺ - 0495-2371012

തീയ്യതി. 22.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാരശ്ശേരിഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാരശ്ശേരി ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-1,3-2,3-10 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.3/2179/2016 തീയതി – 22.12.2016

# കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 15.02.2016 മുതൽ 18.11.2016തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. കെ.കെ സതീഷ് കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 18.11.2016 മുതൽ 29.11.2016. വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. ഇ.വി.ഹരി. | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.സി.വി.പ്രശാന്ത് | അസി.ഓഡിറ്റ്ഓഫീസർ |

| | | |
|---|---|---|
| | ശ്രീ.എ..ഷിനിത്ത് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| | പ്രസിഡന്റ് | ശ്രീമതി.റീനാ പ്രകാശ് | 1.4.2015 മുതൽ30.10.2015 വരെ |
| | | ശ്രീ.വി.കെ വിനോദ് | 1.11.2015 മുതൽ 31.3.2016 വരെ |
| | സെക്രട്ടറി | ശ്രീ.സി.ഇ സുരേഷ് ബാബു | 1.4.2015 മുതൽ 31.3.2016 വരെ |
| | നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| 1 | സെക്രട്ടറി | ശ്രീ.സി.ഇ സുരേഷ് ബാബു | 1.4.2015 മുതൽ 31.3.2016 വരെ |
| 2 | കൃഷി ഓഫീസർ | ശ്രീമതി.ശുഭ | 1.4.2015 മുതൽ 31.3.2016 വര |
| 3 | അസി.എഞ്ചിനീയർ | ശ്രീമതി.എൽസമ്മ ജേക്കബ് | 1.4.2015 മുതൽ 31.3.2016 വരെ |
| 4 | അസി.സെക്രട്ടറി. | ശ്രീമതി.സി.എൻ.ഭുവനേശ്വരി | 1.4.2015 മുതൽ 31.3.2016 വര |
| 5 | മെഡിക്കൽ ഓഫീസർ | ഡോ.റീന | 1.4.2015 മുതൽ 16.06.2015 വര |
| 6 | മെഡിക്കൽ ഓഫീസർ | ഡോ.അഭയദേവ് | 17.6.2015 മുതൽ 31.3.2016 വരെ |
| 7 | മെഡിക്കൽ ഓഫീസർ | ഡോ.ഗീത | 1.4.2015 മുതൽ 31.3.2016 വരെ |
| 8 | ഹെഡ്മിസ്ട്രസ് | ശ്രീമതി.മൈമൂന | 1.4.2015 മുതൽ 31.3.2016 വരെ |
| 9 | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ശ്രീമതിതിലോത്തമ കെ.കെ | 1.4.2015 മുതൽ 31.3.2016 വരെ |
| 10 | മെഡിക്കൽ ഓഫീസർ | ഡോ.മനുലാൽ | 1.4.2015 മുതൽ 31.3.2016 വരെ |
| 11 | വെറ്റിനറി സർജൻ | ഡോ.അനീഷ് | 1.4.2015 മുതൽ 31.3.2016 വരെ |
| 12 | വി.ഇ.ഒ | ശ്രീ..ലിനീഷ് | 01.04.2015 മുതൽ 31.5.2016 വരെ |
| 13 | വി.ഇ.ഒ | ശ്രീ.നിഷാദ് | 01.06.2015 മുതൽ 31.3.2016 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|

| | | |
|---|---|---|
| ഭാഗം -1<br>പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | കേഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ഓഡിറ്റ് സാക്ഷ്യപത്രം |
| ഭാഗം -2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 2-1 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ |
| 12 | 2-2 | റിട്ടേൺ വാങ്ങാതെയുള്ള തൊഴിൽ നികുതി പിരിവ് |
| 13 | 2-3 | പെർമിറ്റ് രജിസ്റ്ററിൽ ചട്ടപ്രകാരമുള്ള രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല |
| 14 | 2-4 | സാംഖ്യ രസീതികളുടെ സ്റ്റോക്ക് പൊരുത്തപ്പെടുന്നില്ല |
| 15 | 2-5 | രസീതി നടപടി ഫയലുകളുടെ വിവരങ്ങൾ ലഭ്യമല്ല |
| ഭാഗം -3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | 3-1 | ധനസ്ഥിതി പരിഗണിക്കാതെ വൻതുക ഭവനവായ്പയായി എടുത്തത് ബാധ്യതയാകുന്നു. |
| 17 | 3-2 | തെറ്റായ തീരുമാനം കോടതി വ്യവഹാരത്തിലേക്ക് നയിച്ചു |
| 18 | 3-3 | മെഡിക്കൽ ഓഫീസർ – മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രൊജക്ടുകൾ നടപ്പിലാക്കി |
| 19 | 3-4 | തെരുവ് നായ്ക്കളുടെ വന്ധ്യംകരണവും വാക്സിനേഷനും – നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല |
| 20 | 3-5 | ഐ.എ.വൈ അധിക വിഹിതം – വിനിയോഗ വിവരം ഹാജരാക്കിയില്ല |
| 21 | 3-6 | പശ്ചിമഘട്ട വികസന പദ്ധതിക്കായി തുക നൽകി – കൈപ്പറ്റ് വിനിയോഗ വിവരം ലഭ്യമല്ല |
| 22 | 3-7 | കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ വിവരം ഹാജരാക്കിയില്ല |
| 23 | 3-8 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ മോണിട്ടർ ചെയ്തിട്ടില്ല. |
| 24 | 3-9 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 25 | 3-10 | പ്രൊജക്ടുകളുടെ ബാഹുല്യം – പദ്ധതി പ്രവർത്തനം പാളുന്നു. |
| 26 | 3-11 | ഇ.എം.എസ് ഭവന പദ്ധതി – ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. |
| ഭാഗം -4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |

| | | |
|---|---|---|
| 27 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 28 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 29 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 30 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 31 | 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 32 | 4-6 | ഓഡിറ്റ് റിക്കവറി |
| 33 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 34 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 35 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 19.7.2016 തിയതിയിലെ 233-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 23.7.2016 | – | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| -- | -- | -- |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 48226048.00

വരവ് - 83117762.00

ആകെ - 131343810.00

ചെലവ് - 125215741.00

നീക്കിയിരിപ്പ്- 6128069.00

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7521609 | - | 20831759 | 20831759 | (+)13310150 | o | 100 |
| വികസനഫണ്ട് എസ്.സി.പി. | 2697572 | 2770642 | 5468214 | 5034957 | (-)433257 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 6100462 | 1280700 | 7381162 | 1038700 | (-)63424462 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 10933891 | 7424534 | 18358425 | 18870381 | | -511956 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3031545 | 1301985 | 4333530 | 3821574 | | 511956 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5541156 | 5313087 | 10854243 | 7142656 | (-)3711587 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 4002010 | 2061289 | 6063299 | 3240455 | (-)2822444 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | – | – | – | – | | – | – |
| ബി ഫണ്ട് | – | – | – | – | | – | – |

## 1-6 പദ്ധതി അവലോകനം പദ്ധതി അവലോകനം പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 433 | 192022144 | 266 | 83682798 | – | 167 | 61 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ 11 ശതമാനം കുറവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3653351 | 3114982 | 538369 | -15 |
| നികുതിയേതര വരവുകൾ | 1339328 | 898326 | 441002 | -33 |
| മറ്റുവരവുകൾ | 100979 | 538751 | 437772 | 434 |
| ആകെ | 5093658 | 4552059 | 541599 | -11 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 526440 | 326 |
| കർഷകതൊഴിലാളി പെൻഷൻ | 5561760 | 800 |
| വിധവാപെൻഷൻ | 9520080 | 1114 |
| വാർദ്ധക്യകാലപെൻഷൻ | 6116970 | 886 |
| വികലാംഗപെൻഷൻ | 2587915 | 276 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3466/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ഓഡിറ്റ് സാക്ഷ്യപത്രം

2015-16 വർഷത്തെ ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

കാരശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഗ്രാമ പഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) അസി.എഞ്ചിനീയർ നിർവ്വഹണം ചെയ്ത പദ്ധതികളുടെ വാറ്റ്, ഐറ്റി, ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

മേൽ അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## 2-2 റിട്ടേൺ വാങ്ങാതെയുള്ള തൊഴിൽനികുതി പിരിവ്

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഒരർദ്ധവർഷത്തേക്ക് തൊഴിൽനികുതി കൊടുക്കാൻ ബാദ്ധ്യസ്ഥമായ കമ്പനിയോടോ ആളോടോ തുടർന്നുള്ള അർദ്ധവർഷത്തിൽ VI-ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് പ്രകാരം 15 ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു നോട്ടീസ് നടത്തിയിരിക്കേണ്ടതാണ്. എന്നാൽ 2015-16 ലെ ഡി ആൻറ് ഒ ലൈസൻസികളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനു മേൽചട്ടപ്രകാരം നോട്ടീസ് നൽകിയിട്ടില്ല. .ആയതിനാൽ ചട്ടപ്രകാരം നോട്ടീസ് നല്കി റിട്ടേൺ ലഭ്യമാക്കേണ്ടതും ആയതു പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 2-3 പെർമിറ്റ് രജിസ്റ്ററിൽ ചട്ട പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(4) പ്രകാരം പെർമിറ്റ് കാലാവധി അവസാനിച്ച ശേഷം സമർപ്പിക്കുന്ന അപേക്ഷയിന്മേൽ യുക്തമെന്ന് കാണുന്ന പക്ഷം സെക്രട്ടറിക്ക് മൊത്തം സാധുത കാലയളവ്, ആദ്യമായി പെർമിറ്റ് നൽകിയ തിയ്യതി മുതൽ 9 വർഷം കവിയരുതെന്ന നിബന്ധനക്ക് വിധേയമായി, മൂന്നു വർഷ കാലയളവിലേക്ക് കൂടി പെർമിറ്റ് പുതുക്കി നൽകാവുന്നതാണെന്നും, ചട്ടം 17(5) പ്രകാരം പെർമിറ്റുകൾ പുതുക്കുന്നതിനുള്ള ഫീസ് പുതുക്കുന്ന സമയത്ത് പ്രാബല്ല്യത്തിലുള്ള വികസന പെർമിറ്റ് ഫീസിന്റെയൊ കെട്ടിട നിർമ്മാണഫീസിന്റെയൊ അതത് സംഗതി പോലെ 50 ശതമാനമായിരിക്കുന്നതാണ്.എന്നാൽ 2015 ൽ പെർമിറ്റ് പൂർത്തീകരിച്ച് ഡിമാന്റ് ചെയ്യപ്പെടേണ്ട 251 കെട്ടിടങ്ങളിൽ 29 എണ്ണം മാത്രമാണ് അസസ് മെന്റ് രേഖപ്പെടുത്തി രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ബാക്കി 222 കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ ചട്ടം 17(5) പ്രകാരമുള്ള ഫീസ് ഒടുക്കി പുതുക്കിയ പെർമിറ്റ് എടുത്തതായോ ഉള്ള രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ വരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ഇനത്തിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല.നിയമപ്രകാരമുള്ള രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-4 സാംഖ്യ രശീതികളുടെ സ്റ്റോക്ക് പൊരുത്തപ്പെടുന്നില്ല

സാംഖ്യ രശീതികൾ പ്രിൻറ് ചെയ്യുന്നതിനുള്ള സ്റ്റേഷനറിയുടെ മുന്നിരിപ്പ് പരിശോധിച്ചതിൽ 9.10.2015 ന 6000 എണ്ണമാണ് സ്റ്റോക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് (8238001 മുതൽ 8244000 വരെ). 9.10.2015 മുതൽ 25.11.2016 വരെ പ്രിൻറ് ചെയ്ത സ്റ്റേഷനറിയുടെ എണ്ണം സാംഖ്യ റിപ്പോർട്ട് പ്രകാരം 4537 ആണ്. സാംഖ്യയിൽനിന്നും ലഭിച്ച ക്യാൻസൽ രസീപ്റ്റ് റിപ്പോർട്ട് പ്രകാരം (ക്യാൻസൽ ചെയ്ത രശീതികളാണോ, ക്യാൻസൽ ചെയ്ത സ്റ്റേഷനറികളാണോയെന്ന് വ്യക്തമല്ല) 32 രശീതികളാണ് ക്യാൻസൽ ചെയ്തതായി കാണുന്നത്.എന്നാൽ ഫിസിക്കൽ വെരിഫിക്കേഷനിൽ 1880 രശീതികളാണ് കണ്ടത്. സാംഖ്യ രശീതികളുടെ സ്റ്റോക്കിലെ പൊരുത്തക്കേട് സംബന്ധിച്ച് വിശദീകരണം നൽകുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സാംഖ്യ രസീതിസ്റ്റോക്കിലെ പൊരുത്തക്കേട് സഗൗരവം പരിഗണിച്ച് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-5 രശീതികളിൽ നടപടി ഫയലുകളുടെ വിവരങ്ങൾ ലഭ്യമല്ല

പുതുതായി നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ, വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങൾ, നികുതി പുനർ നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ എന്നിവയുടെ വസ്തുനികുതി ഈടാക്കുമ്പോൾ ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ച ഫയൽ നമ്പറുകൾകൂടി രശീതികളിൽ ചേർക്കുന്നത് തുടർ നടപടികൾക്ക് സഹായകരമായിരിക്കും. ആയതിനാൽ രശീതികളിൽ മേൽപ്രകാരമുള്ള വിവരങ്ങൾകൂടി ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ധനസ്ഥിതി പരിഗണിക്കാതെ വൻതുക ഭവന വായ്പയായി എടുത്തത് ബാദ്ധ്യതയാകുന്നു

പ്രോജക്ട് പേര്, നം - ഭവന നിർമ്മാണം ജനറൽ 119/16

നിർവ്വഹണ ഉദ്യോഗസ്ഥൻ. വി.ഇ.ഒ.

അടങ്കൽ തുക – 3,73,20,000/-

ചെലവ് തുക – 2,73,60,000/- (വായ്പ)

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിൽ മൊത്തം 182 ഗുണഭോക്താക്കൾക്ക് പുതിയ വീടുകൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഭവന പദ്ധതിയിലൂടെ പഞ്ചായത്ത് പരിധിയിലെ ഭവന രഹിതർക്ക് ഇ.എം.എസ്. ഭവന പദ്ധതി മാതൃകയിൽ ഭവന നിർമ്മാണത്തിനായി ധനസഹായം നൽകുവാനായിരുന്നു പദ്ധതി. പദ്ധതി 22 .09.2014 ലെ ഭരണസമതി യോഗത്തിൽ അംഗീകരിച്ച (തീരുമാനം നം. 216(2)/അജണ്ട 1). ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കി നടത്തുവാൻ ഉദ്ദേശിച്ച പദ്ധതിക്ക് സർക്കാർ അനുമതിക്കായി അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തി ൽ 17.10.2014 ലെ 60800/ഡി.ബി.1/14/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ 11.03.2013 ലെ സർക്കാർ ഉത്തരവ് നം 83/13 തസ്വഭവ യിലെ വ്യവസ്ഥകൾക്ക് വിധേയമായി 4,00,00,000/- രൂപ ലോൺ എടുക്കുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറി അനുമതി നൽകി. 11.03.2013 ലെ (എം.എസ്) 83/13/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ താഴെ കൊടുക്കുന്നു.

1) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വയം കണ്ടെത്തുന്ന ഫണ്ട് ഉപയോഗിച്ചായിരിക്കണം പദ്ധതി നടപ്പിലാക്കേണ്ടത്. (തനത്, വികസന ഫണ്ടുകൾ, വായ്പ മുതലായവ).

2) വായ്പ എടുക്കുന്നത് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ആയിരിക്കണം.

3) വായ്പക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നതല്ല.

4) വായ്പ തുകയും പലിശയും തദ്ദേശ സ്വയം ഭരണ സ്ഥാപനം വായ്പ എടുക്കുന്ന ധനകാര്യ സ്ഥാപനത്തിൽ കരാർ പ്രകാരം തിരിച്ചടയ്ക്കേണ്ടതാണ്. വായ്പ തുക വികസന ഫണ്ടിൽ നിന്നും, പലിശ തനത് ഫണ്ടിൽ/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കേണ്ടതാണ്

5) വായ്പയുടെ തിരിച്ചടവിന്റെ കാലാവധി പത്തു വർഷത്തിൽ കവിയരുത്.

6) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഇ.എം.എസ്.ഭവന പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശം അനുസരിച്ചായിരിക്കണം.

7) ഇ.എം.എസ്.ഭവന പദ്ധതി പ്രകാരമോ, തദ്ദേശ സ്വയംഭരണ സ്ഥാപനം നടപ്പിലാക്കിയ മറ്റേതെങ്കിലും ഭവന പദ്ധതി പ്രകാരമോ എടുത്ത വായ്പ തുകയുടേയും, പുതിയ ഭവന പദ്ധതി പ്രകാരം എടുത്ത വായ്പ തുകയുടേയും പ്രതിവർഷ തിരിച്ചടവ് പ്രതിവർഷം ലഭിക്കുന്ന വികസന ഫണ്ടിന്റെ 15%ൽ കവിയാൻ പാടില്ല.

29-11-14ലെ ഭരണസമിതി യോഗത്തിൽ കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിന് വോട്ടിനിട്ട് തീരുമാനിച്ചു (നം.259(1)18 ഭരണസമിതിഅംഗങ്ങളിൽ 10 പേർ അനുകൂലിച്ചും (ശ്രീമതി റീനപ്രകാശ്,എം.ടിസയ്യിദ് അഫ്സൽ,സന്തോഷ് ജോൺ,എടത്തിൽ ആമിന,ശാന്താദേവി.കെ,എം.ടി അഷ്റഫ്,ഷൈനാസ് ചാലുളി,ജയപ്രഭാവതി.കെ.പി,മിനിപ്രകാശൻ,സുഹ്റ.കെ), 7 പേർ പ്രതികൂലിച്ചും (മനോജ്.കെ,വി.കെ.വിനോദ്,കെ.ശിവദാസൻ,നൗഷാദ്,റെജിസെബാസ്റ്റ്യൻ,,ലീല.വി.കെ,ബീരാൻകുട്ടി)വോട്ട് ചെയ്തു.ശ്രീ.പ്രദീപ് കപ്പാലയുടെ തീരുമാനം എന്തെന്ന് മിനിട്സിൽ പരാമർശമില്ല.വായ്പ എടുക്കുന്നതിന് വിയോജിച്ചു കൊണ്ട് വിയോജനക്കുറിപ്പ് നൽകിയ മെമ്പർമാർ പറഞ്ഞത് ഗ്രാമപഞ്ചായത്തിന്റെ ധനസ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ ചർച്ച ചെയ്യാമെന്ന് 30-10-14 ന് ചേർന്ന ഭരണസമിതിയോഗത്തിൽ തീരുമാനമെടുത്തെങ്കിലും യാതൊരു രേഖകളും ഹാജരാക്കി ചർച്ച ചെയ്തിട്ടില്ലെന്ന് മിനിട്സിൽ കാണുന്നു.ഇതിൽ 25 ലക്ഷം രൂപ മൈനസ് ഫണ്ടാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് മിനിട്സിൽ സൂചിപ്പിക്കുന്നു. പഞ്ചായത്ത് ലഭ്യമാക്കിയ കണക്ക് പ്രകാരം ഓഡിറ്റ് വർഷത്തെ തനതുഫണ്ട് വരവ് 4552059/- രൂപയാണ്. ഫയൽ പരിശോധനയിൽ അനുമതി നൽകുന്നതിന് മുന്നോടിയായി പ്രിൻസിപ്പൽ സെക്രട്ടറി വായ്പ എടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രോജക്ടിന്റെ പകർപ്പ് ,പഞ്ചായത്തിന്റെ സാമ്പത്തികകാര്യസ്റ്റേറ്റ് മെന്റ് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നം 60800/ഡി ബി 1/14/തസ്വഭവ 20-9-14-)ാം നമ്പർ കത്തിലൂടെ ആവശ്യപ്പെട്ടുവെങ്കിലും രേഖകൾ നൽകിയതായി കാണുന്നില്ല. 1965 ലെ കേരള തദ്ദേശാധികാര സ്ഥാപന വായ്പ ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം സ്ഥാപനത്തിന്റെ സാമ്പത്തിക നില, വായ്പയുടെ ആവശ്യകത, വായ്പ തീയ്യതി, പലിശ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി അനുബന്ധം.1 ലെ ഫോറത്തിൽ സർക്കാരിലേക്ക് സമർപ്പിച്ചതായി ഫയലിൽ രേഖയില്ല.

25.03.2015 ന് പഞ്ചായത്ത് സെക്രട്ടറി ശ്രീ.സി.ഇ.സുരേഷ് ബാബു എന്നിവർ ഒന്നാം പാർട്ടിയായും കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡിന്റെ ജനറൽ മാനേജർ ശ്രീ.ധനീഷ്.എം. എന്നിവർ രണ്ടാം പാർട്ടിയായും പരസ്പരം സമ്മതിച്ച് 14% പലിശ കണക്കാക്കി വായ്പ എടുക്കുന്നതിന് വ്യവസ്ഥകളോടെ കരാറിൽ ഒപ്പിട്ടു.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റ് വർഷത്തിൽ താഴെ പ്പറയും പ്രകാരം പലിശ തനതുഫണ്ടിൽ നിന്ന് അടവാക്കിയിട്ടുണ്ട്.

| വൗച്ചർനം/തിയ്യതി | തുക |
|---|---:|
| 21500173/26-5-15 | 30,015 |
| 21500306/30-6-15 | 31,885 |
| 21500509/7-8-15 | 1,53,923 |
| 21500611/10--9-15 | 1,32,060 |
| 21500795/20-10-15 | 1,78,793 |
| 21500889/17--11-15 | 2,26,603 |
| 21501161/21-1-16 | 2,28,871 |
| 21501230/1-2-16 | 2,65,413 |
| 21501398/11-3-16 | 2,85,875 |
| 21501399/11-3-16 | 2,81,640 |
| ആകെ | 18,15,078 |

സർക്കാർ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഹഡ്കോയിൽ നിന്നും കുറഞ്ഞ നിരക്കിൽ വായ്പ

ലഭ്യമാക്കുവാൻ സാഹചര്യമുണ്ടായിട്ടും (8.5% പലിശ നിരക്കിൽ) ആയതും പരിഗണിച്ചിട്ടില്ല.ആയത് ഒഴിവാക്കിയാണ് ഉയർന്ന നിരക്കിൽ കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്തിട്ടുള്ളത്. ഇത് ഗ്രാമപഞ്ചായത്ത് ഫണ്ടിന് ഭാവിയിൽ വൻ നഷ്ടം വരുത്തുന്നതിന് വഴിവെച്ചു. കൂടാതെ ഓഡിറ്റ് വർഷത്തിൽ കൃഷി, മൃഗസംരക്ഷണം, വിഇഒ നടപ്പാക്കിയ ഭവനപദ്ധതി ഒഴികെയുള്ള പ്രോജക്ടുകൾ, ആരോഗ്യം എന്നിവക്ക് തനതുഫണ്ട് വകയിരുത്തിയിട്ടില്ല.ഗ്രാമപഞ്ചായത്തിന്റെ തനതു ധനസ്ഥിതിയെ ഗുരുതരമായി ബാധിക്കുന്ന തരത്തിൽ കൂടിയ പലിശ നിരക്കിൽ വായ്പ എടുക്കുവാൻ ഉണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് 20,00,000/- രൂപ വായ്പ തിരിച്ചടച്ചിട്ടുണ്ട്. തനതുഫണ്ടിന്റെ ലഭ്യത കുറവായ സാഹചര്യത്തിലും ഭവന നിർമ്മാണ പദ്ധതികൾക്ക് വികസന ഫണ്ട് വകയിരുത്തി ധനസഹായം നൽകാമെന്നിരിക്കെ പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത തന്നെ താളം തെറ്റിക്കുന്ന തരത്തിൽ വായ്പ എടുക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 3-2 തെറ്റായ തീരുമാനം കോടതി വ്യവഹാരത്തിലേക്ക് നയിച്ചു

കുമാരനെല്ലൂർ വില്ലേജിൽ റീ സർവ്വെ നം 78/2ബി യിൽ പ്പെടുന്ന 2289.26 സെന്റ് സ്ഥലത്ത് സ്റ്റോൺ ക്രഷർ കെട്ടിടം നിർമ്മിച്ച് 861 എച്ച് പി മോട്ടോർ സ്ഥാപിച്ച് ക്രഷർ പ്രവർത്തിക്കുന്നതിനു വേണ്ടി അനുമതിക്കായി v tech granite ഉടമ ശ്രീ വർക്കി ജോർജ്ജ് പഞ്ചായത്തിനോട് അപേക്ഷിക്കുകയും പ്രസ്തുത വിഷയത്തിൽ 26-11-2014 ൽ ഭരണസമിതി യോഗം ചേർന്ന് 7 നെതിരെ 9 പേർ അനുകൂലിച്ചതിന്റെ അടിസ്ഥാനത്തിൽ 311 -)ം നമ്പർ യോഗതീരുമാനപ്രകാരം ക്രഷറിന് അനുമതി നൽകുകയും ചെയ്തു.

വിയോജനക്കുറിപ്പിൽ പഞ്ചായത്തിലെ ഏറ്റവും വലിയ സ്റ്റോൺ ക്രഷറിന് നിരാക്ഷേപ പത്രം നൽകുന്നതിന് മുമ്പും ,തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിന് പോലും സമയം നൽകാതെ സെക്രട്ടറിയെ റണ്ണിങ്ങ് ലൈസൻസ് നൽകുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിൽ അഴിമതിയുണ്ടെന്നും ആയത് ജനങ്ങളോടുള്ള വെല്ലുവിളിയാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും,കെട്ടിടങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടം 12(3)പ്രകാരം അപേക്ഷ ലഭിച്ചതിനു ശേഷം കഴിയുന്നത്ര വേഗം മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപ സർട്ടിഫിക്കറ്റ് വാങ്ങേണ്ട സംഗതിയിൽ 45 ദിവസത്തിനകം തീരുമാനമെടുക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നു.കൂടാതെ കേ പ രാജ് ആക്ട് സെക്ഷൻ 233 (4)ബി പ്രകാരം സ്ഥാപിക്കുവാനുദ്ദേശിക്കുന്ന യന്ത്രസാമഗ്രികളുടെ കണക്കട് ലോഡ് 25 കുതിരശക്തിയിൽ അധികമാണെങ്കിൽ സ്ഥാപനത്തിന്റെ സ്വഭാവം ശല്ല്യമോ മലിനീകരണമോ ഉണ്ടാവാൻ സാദ്ധ്യതയെങ്കിൽ ആയതുമായി ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടും,(സി)പ്രകാരം സ്ഥാപിക്കുവാനുദ്ദേശിക്കുന്ന വ്യവസായം കത്തിപ്പടരാവുന്നതോ പൊട്ടിത്തെറിക്കുന്നതോ ആയ സാധനങ്ങളുടെ ഉപയോഗം ഉൾക്കൊള്ളുന്നതാണെങ്കിൽ അഗ്നിപ്രതിരോധവും,അഗ്നിശമനവും പ്രവർത്തനങ്ങളുടെ പര്യാപ്തത സംബന്ധിച്ച ഡിവിഷണൽ ഫയർ ഓഫീസറുടെ റിപ്പോർട്ടും ആവശ്യമെന്ന് വ്യവസ്ഥ ചെയ്യുന്നു.എന്നാൽ ഫയൽ പരിശോധനയിൽ സെക്രട്ടറി 22-11-2014 ന് സ്ഥലം പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ലഭ്യമാക്കി ക്രഷർ യൂണിറ്റ് പ്രവർത്തിക്കുന്നതിന് അനുവാദം നൽകാമെന്ന് റിപ്പോർട്ട് ചെയ്തതിന് ശേഷം മേൽ വ്യവസ്ഥകൾ ലംഘിച്ച് ഭരണസമിതി 26-11-2014 തിയ്യതിയിൽ അനുവാദം നൽകുകയാണ് ഉണ്ടായത്.

ആയതിന് ശേഷം പ്രസ്തുത തീരുമാനം റദ്ദ് ചെയ്യണം എന്ന് ഭരണസമിതി അംഗങ്ങളായ ശ്രീ സന്തോഷ്ജോൺ,എംടി അഷ്റഫ്,എടത്തിൽ ആമിന എന്നിവരുടെ അപേക്ഷപ്രകാരം 3-3-15 ൽ ചേർന്ന അസാധാരണയോഗത്തിൽ മുൻ 311 -)ം നമ്പർ യോഗതീരുമാനം റദ്ദ് ചെയ്യുവാൻ ഭരണസമിതി 29-)ം നമ്പർ പ്രകാരം തീരുമാനിച്ചു.പ്രസ്തുത തീരുമാനം റദ്ദ് ചെയ്യുവാൻ അടിസ്ഥാനമായത് പ്രസ്തുത ക്രഷർ സ്ഥിതി ചെയ്യുന്ന 6 -)ം വാർഡ് നിവാസികൾ 26-3-2015 ന് ചേർന്ന പ്രത്യേക ഗ്രാമസഭ ക്രഷറിന് അനുമതി നൽകരുതെന്ന് പ്രമേയം ഐക്യകണ്ഠേന പാസ്സാക്കിയതു കൊണ്ടാണ്. അനുമതി റദ്ദാക്കിയ തീരുമാനത്തിനെതിരെ ക്രഷർ ഉടമ ട്രൈബൂണലിൽ IA NO 867/2015 APPEAL NO 378 പ്രകാരം കേസ് ഫയൽ ചെയ്തു.ആയതിലേക്കുള്ള വക്കീൽ ഫീസായി 3500 രൂപ തനതു ഫണ്ടിൽ നിന്നും 21500244/15-6-15 വൗച്ചർ നം പ്രകാരം നൽകി.പ്രസ്തുത കേസുമായി ബന്ധപ്പെട്ട് നൽകിയ നോട്ടിൽ (6--)ം ഖണ്ഡികയിൽ ക്രഷറിന് അനുകൂലിച്ച തീരുമാനം എടുത്ത 26-11-2014 മുതൽ 6-)ം വാർഡ് നിവാസികൾ പ്രക്ഷോഭത്തിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.തീരുമാനം എടുത്ത തിയ്യതി മുതൽ പ്രസ്തുത തീരുമാനം റദ്ദാക്കിയ 3-3-15 വരെയുള്ള കാലയളവു വരെ ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് പ്രത്യേക ഗ്രാമസഭ വിളിച്ചു ചേർക്കുവാൻ മുൻകൈ എടുത്തിട്ടില്ല.

പരിസ്ഥിതിയെ ബാധിക്കുന്ന പ്രസ്തുത വിഷയത്തിൽ പ്രദേശവാസികളുടെ അഭിപ്രായം കണക്കിലെടുക്കാതെ എടുത്ത തീരുമാനമാണ് കേസിനു പോകുവാൻ ക്രഷർ ഉടമ ക്ക് പ്രേരണയായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.ആയതിനാൽ കേസിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 മെഡിക്കൽ ഓഫീസർ ( പി.എച്ച്. സി ) മാർഗ്ഗരേഖക്കു വിരുദ്ധമായി പ്രോജക്ടുകൾ നടപ്പിലാക്കി

1. പ്രോജക്റ്റ് നം. എസ്. 0037/16 – സാംക്രമിക രോഗ പ്രതിരോധം

അടങ്കൽ - 50,000/ രൂപ , വികസന ഫണ്ട്.

ചെലവ് - 14,915/- രൂപ , ബിൽ നം. 5/15-16 തീയതി. 13.1.16

കൊതുക് ഉറവിട നശീകരണം, സ്പ്രേയിംഗ് , ഫോഗിംഗ്, ആരോഗ്യ ദിനങ്ങൾ ആചരിക്കൽ, എന്നീ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം 2015 ഡിസംബർ 1 ന് ലോക എയ്ഡ്സ് ദിനം ആചരിക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണം, സന്ദേശയാത്ര, കലാ പരിപാടികൾ, ആരോഗ്യ ക്വിസ് പ്രോഗ്രാം എന്നിവ നടത്തുന്നതിനായി താഴെപ്പറയുന്ന ഇനങ്ങളിലായി ആകെ 14,915/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | ബാനർ | 2500 |
| 2 | കലാപരിപാടികൾ | 4000 |
| 3 | ഡ്രൈവറുടെ വേതനം | 450 |
| 4 | ലഘു ഭക്ഷണം | 2100 |
| 5 | വേദി ഒരുക്കുന്നതിന് | 4640 |
| 6 | സമ്മാന വിതരണം | 1225 |
| ആകെ | | 14915 |

പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ ( ജി. ഒ. ( എം. എസ് ) 362/2013/ത.സ്വ ഭ.വ , തീയതി 16.11.2013 ) ഖണ്ഡിക 7.7 പ്രകാരം ഉൽപ്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, മേളകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ തുടങ്ങിയവ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല.

2. പ്രോജക്റ്റ് നം. എസ്. 0480/16 – മൊബൈൽ ലാബ്

അടങ്കൽ - 50,000/ രൂപ ( വികസന ഫണ്ട് - 25,000/ രൂപ , തനത് ഫണ്ട് - 25,000/ രൂപ ചെലവ് - 25,000/ രൂപ (ബിൽ നം. 9/15-16 തീയതി. 19.3.16 – 10,028/ രൂപ ,

ബിൽ നം. 11/15-16 തീയതി. 30.3.16 – 14,972/ രൂപ )

ജീവിത ശൈലീ രോഗ നിയന്ത്രണം ലക്ഷ്യം വെച്ച് വീടുകളിൽ ചെന്ന് വ്യക്തികളുടെ രക്തം പരിശോധിച്ച് ഫലം നൽകുക, ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുക , ചികിത്സ ആവശ്യമുള്ള രോഗികളെ കണ്ടെത്തി അവരെ ആശുപത്രിയിലേക്ക് റഫർ ചെയ്യുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് മേൽ പ്രോജക്റ്റ് നടപ്പിലാക്കിയത്. പരിശോധനക്കാവശ്യമായ ഉപകരണങ്ങൾ ( ഗ്ലൂക്കോമീറ്റർ , ബി.പി. അപ്പാരറ്റസ് തുടങ്ങിയവ ) വാങ്ങൽ , ടെക്നീഷ്യൻമാർക്ക് കോട്ട് , പരിശോധനാ കിറ്റ് , നോട്ടീസ് പ്രിന്റിംഗ് എന്നീ ഇനങ്ങളിലായി താഴെ പറയും പ്രകാരം ആകെ 25,000/- രൂപ ഈ പ്രോജക്റ്റ് പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | പരിശോധനനാ ഉപകരണങ്ങൾ വാങ്ങൽ | 10028 |
| 2 | പരിശോധനാ കിറ്റ് | 9000 |
| 3 | ടെക്നീഷ്യൻമാർക്ക് കോട്ട് | 2040 |
| 4 | പ്രിന്റിംഗ് & സ്റ്റേഷനറി | 3932 |
| | ആകെ | 25000 |

പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ ( ജി. ഒ. ( എം. എസ് ) 362/2013/ത.സ്വ. ഭ.വ , തീയതി 16.11.2013 ) ഖണ്ഡിക 7.7 പ്രകാരം ഉൽപ്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, മേളകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ തുടങ്ങിയവ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല. മെഡിക്കൽ ക്യാമ്പുകൾ നടത്താവുന്നത് വിദൂര പ്രദേശങ്ങളിലെ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ മാത്രമാണ്.

ആയതിനാൽ പദ്ധതി / സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി നടപ്പിലാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരമുള്ള ചെലവുകൾ അംഗീകരിക്കുന്നില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കാനായി നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ചെലവു തുക നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറിൽ ( പി.എച്ച്. സി ) നിന്നും പ്രോജക്റ്റിന് അംഗീകാരം നല്കിയ മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## **3-4** തെരുവു നായ്ക്കളുടെ വന്ധ്യംകരണവും വാക്സിനേഷനും - നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

പ്രോജക്റ്റ് നം. എസ്. 0470/16 – തെരുവു നായ്ക്കളുടെ വന്ധ്യംകരണവും വാക്സിനേഷനും

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 2,00,000/ രൂപ ( തനത് ഫണ്ട് )

ചെലവ് - 2,00,000/ രൂപ ( വൗച്ചർ നം. 21501543 തീയതി 27.3.16 )

തെരുവു നായ്ക്കളുടെ വർദ്ധനവ് നിയന്ത്രിക്കുക, രോഗനിയന്ത്രണം സാദ്ധ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മേൽ പ്രോജക്റ്റ് നടപ്പിലാക്കിയത്. ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ ഈ പ്രോജക്റ്റിന് ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി 2,00,000/- രൂപ നല്കുകയാണ് ചെയ്തത്. കാരശ്ശേരി സർവീസ് സഹകരണ ബാങ്കിന്റെ

28.3.2016 ലെ 14909 നം. ഡി. ഡി യായി മേൽ തുക ജില്ലാ പഞ്ചായത്തിന് നല്കിയിട്ടുണ്ട്. എന്നാൽ ആയതിന് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച രശീതി , മേൽ തുകക്കുള്ള വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഫയലിൽ ലഭ്യമല്ല. രശീതി, വിനിയോഗ സാക്ഷ്യ പത്രം എന്നിവയുടെ അഭാവത്തിൽ ഈയിനത്തിലുള്ള ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-5 ഐ എ വൈ അധിക വിഹിതം - വിനിയോഗവിവരം ഹാജരാക്കിയില്ല

ഓഡിറ്റ് വർഷം വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ഐ എ വൈ അധിക വിഹിതമായി 9,10,000/- രൂപ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം - 3/16

പ്രോജക്ട് - ഐ എ വൈ അധിക വിഹിതം നൽകൽ

അടങ്കൽ തുക - 11,37,500/-

ചെലവ് - 9,10,000/- ധനകാര്യ കമ്മീഷൻ അവാർഡ്

ഐ എ വൈ അധിക വിഹിതമായി 9,10,000/- രൂപ 29-1-16 ന് ബി ഡി ഒ ക്ക് കൈമാറിയെങ്കിലും ആയതിന്റെ വിനിയോഗവിവരം ലഭിച്ചിട്ടില്ല. വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കാതിരുന്നതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-6 പശ്ചിമഘട്ട വികസന പദ്ധതിക്കായി തുക നൽകി - കൈപ്പറ്റ് / വിനിയോഗ വിവരം ലഭ്യമല്ല

ഓഡിറ്റ് വർഷം രണ്ടു ബില്ലുകളിലായി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പശ്ചിമഘട്ട വികസനപദ്ധതിയുടെ പഞ്ചായത്ത് വിഹിതമായ 2,84,830/- രൂപ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം - 432

പ്രോജക്ട് - പശ്ചിമഘട്ട വികസനപദ്ധതി വിഹിതം നൽകൽ

അടങ്കൽ തുക - 2,84,830/-

ചെലവ് - 2,84,830/- ബിൽ നം 12/29-3-16 തുക 50,558/-

ബിൽ നം 13/29-3-16 തുക 2,34,272/-

ഫയൽ പരിശോധനയിൽ, പ്രസ്തുത തുക പ്രസിഡന്റിന്റെയും കൃഷിഓഫീസറുടെയും പേരിൽ കാനറ ബാങ്ക് മുക്കം ശാഖയിലുള്ള ജോയിന്റ് അക്കൗണ്ടിൽ (നം 1135101055105) ക്രെഡിറ്റ് ചെയ്തതായി കാണുന്നു. തുക നാളിതു വരെ പശ്ചിമഘട്ടവികസനപദ്ധതിക്കായി കൈമാറിയിട്ടില്ല.

അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 3-7 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗവിവരം ഹാജരാക്കിയില്ല

ഓഡിറ്റ് വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി കന്നുകുട്ടി പരിപാലന പദ്ധതിയുടെ വിഹിതമായ 93,750/- രൂപ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം - 40/16

പ്രോജക്ട് - കന്നുകുട്ടി പരിപാലന പദ്ധതി വിഹിതം നൽകൽ

അടങ്കൽ - 15,00,000/-രൂപ

ചെലവ് - 93,750/- രൂപ

വികസനഫണ്ട് ജനറൽ/- രശീത് നം 551/8-4-16

ഓഡിറ്റ് വർഷത്തിൽ കന്നുകട്ടി പരിപാലന പദ്ധതിക്കായി 93,750/-രൂപ മൃഗ സംരക്ഷണ വകുപ്പ് ജില്ലാ ഓഫീസർക്ക് 8-4-16 ന് കൈമാറിയെങ്കിലും ആയതിന്റെ വിനിയോഗവിവരം ലഭിച്ചിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ തുക തടസ്സം ചെയ്യുന്നു.

## 3-8 കൃഷിഓഫീസർ നടപ്പാക്കിയ പദ്ധതികൾ മോണിട്ടർ ചെയ്തിട്ടില്ല

ഓഡിറ്റ് വർഷം കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വാഴകൃഷി പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം 21/15-16

പ്രോജക്ട് വാഴകൃഷി വികസനം

അടങ്കൽ 97,3480/-

ചെലവ് ബിൽ നം 1/15-16/29-3-16 തുക 93,6,720/-

ബിൽ നം 2/15-16/29-3-16 തുക 36,760/-

ഫണ്ട് വികസന ഫണ്ട് പൊതുവിഭാഗം

പ്രോജക്ട് ഫയൽ പരിശോധനയിൽ 250 ഗുണഭോക്താക്കൾക്ക് 78704 വാഴക്കന്നിന് രാസവളം വിതരണം ചെയ്ത വകയിൽ 936720 രൂപയും (ബിൽ നം 1/29-3-16),47 ഗുണഭോക്താക്കൾക്ക് 3501 കന്നുകൾ നൽകുവാൻ 36760/-(ബിൽ നം 2/29-3-16) രൂപ നൽകിയതായും കാണുന്നു.പ്രോജക്ട് പരിശോധനയിൽ താഴെപ്പറയും പ്രകാരമുള്ള അപാകത കാണുന്നു.

ജി.ഒ (എം എസ്)362/2013 തസ്വഭവ തി 16-11-2013 11-2(ഇ vi,vii) പ്രകാരം അംഗീകാരം ലഭിച്ച് നടപ്പാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിട്ടർ ചെയ്യണം. കൂടാതെ ഖ. 19(1) പ്രകാരം മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്.

എന്നാൽ മാർഗ്ഗരേഖപ്രകാരം മേൽ രീതിയിൽ പ്രോജക്ടിന്റെ ഫലപ്രാപ്തി വിലയിരുത്തിയിട്ടില്ല.

അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സപ്പെടുത്തുന്നു.

## 3-9 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ലോക ഭിന്ന ശേഷി ദിനാചരണത്തോടനുബന്ധിച്ച് ഭിന്ന ശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സെമിനാർ, കലാകായിക മത്സരങ്ങൾ തുടങ്ങിയവയുടെ നടത്തിപ്പിലേക്കുള്ള സംഭാവനയായി ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് തനതുഫണ്ടിൽ നിന്നും 5000/- രൂപ വൗച്ചർ നം 21501009/15-12-15 പ്രകാരം നൽകിയിട്ടുണ്ട്. സ.ഉ (സാധാ)നം 3079/2014 തസ്വഭവ തി 25-11-2015 ലെ ഉത്തരവ് പ്രകാരം കൈപ്പറ്റുന്ന തുകയ്ക്ക് കോഴിക്കോട് ജില്ല സാമൂഹ്യനീതി ഓഫീസർ വരവ് ചെലവുകളുടെ അടിസ്ഥാനത്തിലുള്ള ധനവിനിയോഗസാക്ഷ്യപത്രം നല്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.

അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 3-10 പ്രോജക്ടുകളുടെ ബാഹുല്യം - അസി. എഞ്ചിനീയറുടെ പദ്ധതി പ്രവർത്തനം പാളുന്നു

2015-16 വർഷം അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ

പ്രോജക്ടുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ആകെ പ്രോജക്ടുകളുടെ എണ്ണം - 337

അടങ്കൽ - 11,70,90,706/ രൂപ

ചെലവ് - 3,27,49,066/ രൂപ

ചെലവ് ശതമാനം - 28

| പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|
| പുതിയത് - 189 | 96 | 93 | 51 |
| സ്പിൽ ഓവർ - 148 | 95 | 53 | 64 |
| ആകെ - 337 | 191 | 146 | 57 |

2015-16 വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയത് 337 പ്രോജക്ടുകൾക്കാണ്. ഇതിൽ നിർവ്വഹണം നടത്താൻ സാധിച്ചത് 191 പ്രോജക്ടുകൾ മാത്രമാണ്. ആയതിൽത്തന്നെ ഭാഗികമായി പ്രവൃത്തി പൂർത്തിയാക്കിയവയും ഉൾപ്പെടുന്നു

(ഉദാ - കട്ടിക്കുന്ന് - കോട്ടക്കാട് റോഡ് സോളിംഗ് പ്രവൃത്തി). ഒരു അസി. എഞ്ചിനീയറും ( അസി. എഞ്ചിനീയർക്ക് 2 ഗ്രാമ പഞ്ചായത്തുകളുടെ ചുമതലയുണ്ട് - കാരശ്ശേരി, കൊടിയത്തൂർ ) ഒരു ഓവർസിയറും ഒരു ക്ലർക്കും അടങ്ങുന്ന എഞ്ചിനീയറിംഗ് വിഭാഗത്തിന് ഇത്രയും കൂടുതൽ പ്രോജക്ടുകൾ നിർവ്വഹണത്തിനായി ഏൽപ്പിച്ചു കൊടുക്കുന്നത് ആശാസ്യമല്ല. പ്രോജക്ടുകളുടെ ബാഹുല്യം, പ്രോജക്ടുകൾ നിർവ്വഹണം നടത്താതെ ഉപേക്ഷിക്കുന്നതിനും ഗുണനിലവാരം ഉറപ്പു വരുത്താനാവാത്ത രീതിയിൽ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും കാരണമാകുന്നു. സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയ 148 പ്രോജക്ടുകളിൽ 53 എണ്ണം നിർവ്വഹണം നടത്താൻ കഴിയാതെ ഉപേക്ഷിക്കേണ്ടി വന്നു. സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കേണ്ടി വരികയും അവ തന്നെ വരും വർഷങ്ങളിൽ വീണ്ടും സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുകയും ചെയ്യുന്ന സ്ഥിതി വിശേഷമുണ്ട്. ഇക്കാരണത്താൽത്തന്നെ ഓരോ വർഷവും നിർവ്വഹണം നടത്താനായി തെരഞ്ഞെടുക്കുന്ന പ്രോജക്ടുകളുടെ എണ്ണം വർദ്ധിച്ചു വരുന്ന കാര്യം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-11 ഇ എം എസ് ഭവന പദ്ധതി : ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല.

ഓഡിറ്റ് വർഷം ഇ എം എസ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയിൽ താഴെ പ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റിയെങ്കിലും നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് കോസ്റ്റ് | കൈപ്പറ്റിയ തുക | അവസാനഗഡു കൈപ്പറ്റിയ തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | നാരായണൻ മാളിയേക്കൽ | 75000 | 22500 | 19-3-10 | തറപ്പണി |
| 2 | ജോൺസൺ നടുപ്പറമ്പിൽ | 75000 | 22500 | 19-3-10 | തറപ്പണി |
| 3 | ആമിന കരമ്പനക്കൽ | 75000 | 22500 | 19-3-10 | തറപ്പണി |
| 4 | പ്രേമചന്ദ്രൻ കുയ്യുളി | 75000 | 22500 | 19-3-10 | തറപ്പണി |
| 5 | ഉസ്മാൻ കളത്തുംപടിക്കൽ | 75000 | 22500 | 19-3-10 | തറപ്പണി |
| 6 | ഉമ്മാച്ച കരമ്പനക്കണ്ടി | 75000 | 22500 | 19-3-10 | തറപ്പണി |
| 7 | സുമതി പുഴിയോറമ്മൽ | 75000 | 22500 | 19-3-10 | തറപ്പണി |

| | | | | | |
|---|---|---|---|---|---|
| 8 | കറപ്പൻ മേലേപ്പുറത്ത് | 75000 | 52500 | 30-3-12 | ചുമർ |
| 9 | കദീജ ചക്കിങ്ങൽ | 75000 | 52500 | 30-3-12 | ചുമർ |
| 10 | ബൈജു രാമൻകുട്ടി | 75000 | 52500 | 8-3-12 | ചുമർ |
| 11 | സജിന വേനപ്പാരക്കൽ | 75000 | 52500 | 30-3-12 | ചുമർ |
| 12 | വിലാസിനി പാലക്കുന്നമ്മൽ | 100000 | 30000 | 8-8-11 | തറപ്പണി |
| 13 | തിരുമാല ചെറുകുന്നത്തിൽ | 100000 | 30000 | 8-8-11 | തറപ്പണി |
| 14 | മനോജ് മണ്ണാർക്കണ്ടി | 100000 | 30000 | 8-8-11 | തറപ്പണി |
| 15 | സുബൈദ പുളിക്കൽ | 200000 | 140000 | 1-7-16 | ചുമർ |
| 16 | രസിത ഉത്തമൻ | 200000 | 140000 | 15-3-16 | ചുമർ |
| 17 | അശ്വതി ദീപു | 200000 | 80000 | 22-3-16 | ചുമർ |
| 18 | ഖൈറുന്നീസ ജംഷാദ് | 200000 | 140000 | 14-1-16 | ചുമർ |
| 19 | വിശാല രാജൻ | 200000 | 140000 | 4-8-16 | ചുമർ |
| 20 | സൈനബ | 200000 | 20000 | 28-3-15 | തറപ്പണി |
| 21 | സുലൈഖ മുഹമ്മദ് | 200000 | 80000 | 10-6-16 | ചുമർ |
| 22 | സാബിറ | 200000 | 140000 | 30-3-16 | ചുമർ |
| 23 | ഹഫ്സത്ത് | 200000 | 80000 | 6-9-16 | തറപ്പണി |
| 24 | സിമി ശശികുമാർ | 200000 | 140000 | 30-3-16 | ചുമർ |
| 25 | പാത്തുമ്മ | 200000 | 140000 | 26-2-16 | ചുമർ |
| 26 | സീനത്ത് | 200000 | 20000 | 10-7-15 | തറപ്പണി |
| 27 | മറിയം | 200000 | 20000 | 16-9-15 | തറപ്പണി |
| 28 | മറിയുമ്മ | 200000 | 140000 | 31-3-16 | ചുമർ |
| 29 | ജമീല | 200000 | 20000 | 16-9-15 | തറപ്പണി |
| 30 | റസീന കക്കാടംചാലിൽ | 200000 | 80000 | 7-10-16 | ചുമർ |
| 31 | കൊറ്റി | 200000 | 140000 | 26-2-16 | ചുമർ |
| 32 | സംഗീത | 200000 | 140000 | 14-11-16 | ചുമർ |
| 33 | മറിയം | 200000 | 80000 | 1-7-16 | ചുമർ |
| 34 | ഗ്രേസി ജോൺ | 200000 | 20000 | 7-10-15 | തറപ്പണി |
| 35 | സബൂറ | 200000 | 20000 | 7-10-15 | തറപ്പണി |
| 36 | റുഖിയ | 200000 | 140000 | 4-8-16 | ചുമർ |

പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് കാരണം കാണിക്കൽ നോട്ടീസ് അയച്ചതായി കാണുന്നില്ല. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| ഇല്ല |
|---|

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ് വായ്പ/ വായ്പ തിരിച്ചടവ് വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2,73,40,000/- രൂപ വരവുണ്ട്. മുൻബാക്കി 26,80,000/- രൂപയടക്കം 3,00,20,000/-രൂപയിൽ 3,00,20,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന പദ്ധതി | ജി ഒ (എം എസ്) 83/13 ത സ്വ ഭ വ | 4,00,00,000/- (അനുവദിച്ചത്) | | | | |
| | | 3,00,20,000/- | 26,80,000/- | 20,00,000/- | 1815078/- | 2,80,20,000/- |

മുൻബാക്കി -26,80,000/-

തൻവർഷം - 2,73,40,000/-

ആകെ -3,00,20,000/-.

തിരിച്ചടവ് - 20,00,000/-

വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് -2,80,20,000/-

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6332.00രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 2-1 | 1000.00 | ശ്രീ.ചെറിയാൻ എം.എം ചെയർമാൻ അസോസിയേറ്റഡ് ലാറ്റക്സ് | 11501103160 തി.29.2.2016 |
| 2014-15 | 2-1 | 2000.00 | ശ്രീ.കെ.ടി.നസീർ കീരൻ തൊടിക | 11501103119 തി.27.2.2016 |
| 2014-15 | 2-1 | 200.00 | ശ്രീ.അബൂബക്കർ എ.കെ ഫ്ലോർ & ഓയിൽ മിൽ | 11501103207 തി.4.3.2016 |
| 2014-15 | 2-1 | 100.00 | ശ്രീ.അബ്ദുറഹ്മാൻ കെ എ ആർ വുഡ് വർക്സ് | 11501103208 തി.4.3.2016 |
| 2011-12 | 3-19(1) | 2008 | മാനേജർ, കെ സി കെ പെട്രോളിയം | 11501100013 തി.6.4.2016 |
| 2011-12 | 3-19(4) | 512 | എം ടി അഷ്റഫ് മെമ്പർ കാരശ്ശേരി ഗ്രാമപഞ്ചായത്ത് | 11501100020 തി.7.4.2016 |

| | | | | |
|---|---|---|---|---|
| 2011-12 | 3-19(4) | 512 | സന്തോഷ് ജോൺ മെമ്പർ കാരശ്ശേരി ഗ്രാമപഞ്ചായത്ത് | 11501100020 തി.7.4.2016 |
| | ആകെ | 6332.00 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ | തെരുവ് വിളക്ക് പദ്ധതി നിർവ്വഹണം-അപാകതകൾ-40020/- രൂപ തടസ്സം |
| 2001-02 | 3.2 | 2005-06 | കുടിവെള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്തുകൾക്ക് ബാധ്യതയാകുന്നു | വൈദ്യുതചാർജ്ജ്- 39584 രൂപ |
| 2001-02 | 3.7 | 2005-06 | പെൻഷൻ/വേതനം അപാകതകൾ വ്യാപകം | കർഷക തൊഴിലാളി പെൻഷൻ കാലതാമസം 2001-02 ൽ ലഭിച്ച100 ഓളം അപേക്ഷകൾ ഒരു വർഷത്തിനു ശേഷമാണ് തീർപ്പാക്കിയത്. |
| 2001-02 | 2 | 2005-06 | 14 | നികുതി പിരിക്കുന്നതിലെ അലംഭാവം -കുടിശ്ശിക വർദ്ധിക്കുന്നു.<br>കെട്ടിട നികുതി 224876.00<br>തൊഴിൽ നികുതി 10150.00 |
| 2003-04 | 2.1 | 2006-07 | 3.79.1 | ഗ്രാമ പഞ്ചായത്ത്-കെട്ടിട നികുതി ,തൊഴിൽ നികുതി,തനതു വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു.<br>1) കെട്ടിട നികുതി 89298.00<br>2) തൊഴിൽ നികുതി ---<br>3) ലൈസൻസ് 4443.00<br>മറ്റിനം 93741.00 (1995-96 മുതൽ 2000-01 വരെ) |
| 2002-03 | 3.26 | 2006-07 | 3.79.3-രജിസ്റ്ററുകളുടെ സൂക്ഷിപ്പ് അപാകതകൾ | ക്യാഷ് ബുക്കിൽ ബാങ്ക്- ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.നീക്കിയിരിപ്പ് അധിക തുകക്ക് ചെക്കുകൾ നൽകി |

| | | | | |
|---|---|---|---|---|
| 2003-04 | 2.3 | 2006-07 | 3.79.4 പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം -കാഷ് ബുക്കും മറ്റും ശരിയാം വിധം എഴുതുന്നില്ല. | തെറ്റായ രീതിയിൽ വരവ് ചെലവ് രേഖപ്പെടുത്തുകയുണ്ടായി. |
| 2003-04 | 3.6 | 2006-07 | 3.79.6 മണൽ വിൽപ്പന റിവർ മാനേജ്മെന്റ് ഫണ്ട് അടച്ചതിന് ക്യാഷ് രശീതി നൽകുന്നില്ല. | R.M.F ൽ അടച്ച തുക 1049600.00 |
| 2003-04 | 3.1 | 2006-07 | 3.79.1 കന്നുകട്ടി പരിപാലനം അപാകതകൾ | കന്നുകട്ടി പരിപാലന പദ്ധതി അസി.ഡയറക്ടർക്ക് നൽകിയ തുകയുടെ ചെലവു വിവരം ,വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ല. ചെലവു തുക- 198250.00 |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 83117762/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 125215741/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39,915/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,67,060/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 39,915/- | ഡോ.എൻ. മനലാൽ, മെഡിക്കൽ ഓഫീസർ -Rs 19,958/-<br>ഡോ.കെ. ആലിക്കുട്ടി, മെഡിക്കൽ ഓഫീസർ -Rs 19,957/- |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | Rs 2,00,000/- | ശ്രീ.സി.ഇ സുരേഷ് ബാബു സെക്രട്ടറി |
| 3-5 | Rs 9,10,000/- | നിഷാദ് ,വി ഇ ഒ |

| | | |
|---|---|---|
| 3-6 | Rs 2,84,830/- | ശുഭ കൃഷിഓഫീസർ |
| 3-7 | Rs 93,750/- | ഡോ അനീഷ് വെ. സർജൻ |
| 3-8 | Rs 9,73,480/- | ശുഭ കൃഷിഓഫീസർ |
| 3-9 | Rs 5000/- | ശ്രീ.സി.ഇ സുരേഷ് ബാബു സെക്രട്ടറി |
| ആകെ | 24,67,060 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.എൻ. മനലാൽ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പ്രാഥമിക ആരോഗ്യ കേന്ദ്രം, കാരശ്ശേരി | ദേവർകണ്ടി ഹൗസ്, തിക്കോടി പി ഒ , കോഴിക്കോട് ജില്ല . |
| ഡോ.കെ. ആലിക്കുട്ടി, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സാമൂഹ്യ ആരോഗ്യ കേന്ദ്രം, മുക്കം | കളത്തിങ്ങൽ, കുളിമാട്, പാഴൂർ , മാവൂർ വഴി, കോഴിക്കോട് ജില്ല – 673661. |
| ശ്രീ.സി.ഇ സുരേഷ് ബാബു സെക്രട്ടറി | സെക്രട്ടറി,കാരശ്ശേരി ഗ്രാമപഞ്ചായത്ത് | പാറക്കോട്ട് വീട്, പൂവാട്ട് പറമ്പ് പി .ഒ , കോഴിക്കോട് ജില്ല |
| നിഷാദ് ,വി ഇ ഒ | വി ഇ ഒ, കാരശ്ശേരി ഗ്രാമപഞ്ചായത്ത് | പുതുവീട്ടീൽ വീട്, B 18/280 KSHB കോളനി, മെഡി. കോളെജ് ,<br>കോഴിക്കോട് ജില്ല . |
| ശുഭ കൃഷിഓഫീസർ | കൃഷിഓഫീസ്, തേക്കും കുറ്റി | വഴി പോക്കിൽ വീട് , ചാത്തമംഗലം പി ഒ , കോഴിക്കോട് ജില്ല |
| ഡോ അനീഷ് വെറ്ററിനറി സർജൻ | വെറ്ററിനറി ഡിസ്പെൻസറി, കാരശ്ശേരി | രാഗസുധ, കുറ്റ്യാക്കിൽ, പി. ഒ. താമരശ്ശേരി പി ഒ , കോഴിക്കോട് ജില്ല. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.എ.കെ.കെ.ഡി.പി3/1482/13(2) | 1 |
| 1999-2000 | എൽ.എഫ്.എ.കെ.കെ.ഡി.പി3/194/10തി 18.3.10 | 1 |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.എ.കെ.കെ.ഡി.പി3/1482/13(2) | 1 |
| 2001-02 | എൽ.എഫ്.എ.കെ.കെ.ഡി.പി3/1482/13(3) | 3 |
| 2002-03 | എൽ.എഫ്.എ.കെ.കെ.ഡി.പി3/1482/13(4) | 1 |
| 2003-04 | എൽ.എഫ്.എ.കെ.കെ.ഡി.പി3/1482/13(5) | 2 |
| 2004-05 | എൽ.എഫ്.എ.കെ.കെ.ഡി.പി3/881/08 തീ. 5-11-08 | 20 |
| 2005-06 | എൽ.എഫ്.എ.കെ.കെ.ഡി.എസ്.3/266/08 തീ. 9-5-08) | 4 |
| 2006-07 | എൽ.എഫ്.എ.കെ.കെ.ഡി.പി3/2050/14 | 19 |
| 2007-08 | എൽ.എഫ്.എ.കെ.കെ.ഡി.പി3/338/10തി5.5.11 | 48 |
| 2008-09 | എൽ.എഫ്.എ.കെ.കെ.ഡി.പി3/987/13 തി25.4.13 | 17 |
| 2009-10 | എൽ.എഫ്.എ.കെ.കെ.ഡി.പി3/172/13തി 25.4.13 | 28 |
| 2010-11 | എൽ.എഫ്.എ.കെ.കെ.ഡി.പി3/1222/13തി 10.10.1 | 19 |
| 2011-12<br>2012-13 | കെ.എസ്.എ.കെ.കെ.ഡി പി3/766/15 തി 16.11.15 | 31 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി പി3/421/2016 തി 04.05.2016 | 26 |

ഡെപ്യൂട്ടി ഡയറക്ടർ

# <u>5</u>

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.3/2179/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012

തീയ്യതി. 22.12.2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രയത്തിൽ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P3 /2179/2016

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in

Date: 22.12.2016

## Audit Certificate

Certified that I have audited the Annual Financial Statement of Karasseri Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Karasseri Grama Panchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure .

DEPUTY DIRECTOR
Kerala State Audit Department,

District Audit Office, Kozhikode.